# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1489** — **10.02.2020 ൽ മറുപടിയ്ക്ക്**

## കർഷക ക്ഷേമനിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ആരംഭിച്ച കർഷക ക്ഷേമനിധിയിലേക്ക് അംഗത്വം നല്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | എ) & ബി) | ഇല്ല. കർഷക ക്ഷേമനിധി നടപ്പിൽ വരുത്തുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷ കർഷകർക്ക് സമർപ്പിക്കാവുന്നതാണ്. |
| ബി) അംഗത്വം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | |
| സി) ഈ പദ്ധതി നിലവിൽ വരുന്നതോടെ നിലവിൽ നൽകി വരുന്ന കർഷക പെൻഷൻ എന്താകുമെന്ന് വിശദമാക്കുമോ; | സി) | നിലവിൽ നൽകി വരുന്ന കർഷക പെൻഷൻ പദ്ധതിയിൽ അംഗമായവരെ ക്ഷേമനിധി മുഖേന സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ തുടർന്നും പെൻഷൻ നൽകുന്നതായിരിക്കും. |
| ഡി) കിസാൻ അഭിമാൻ പദ്ധതി അംഗങ്ങൾ ഭാവിയിൽ ഈ പദ്ധതിയുടെ ഭാഗമാകുമോ; വിശദമാക്കാമോ? | ഡി) | കിസാൻ അഭിമാൻ പദ്ധതി അംഗങ്ങൾ ഭാവിയിൽ ഈ പദ്ധതിയുടെ ഭാഗമാകും. ഇവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ